# 1

# ഉള്ളിലുയിർക്കും മഴവില്ല്



## അഭിമുഖം

(ആരോ എന്നോ എഴുതിയിരിക്കാവുന്നത്)

'ഏറ്റവും ഇഷ്ടം?'

'എന്നെത്തന്നെ'

'അതു കഴിഞ്ഞാൽ?'

'അത്

ക ഴി യു ന്നി ല്ല ല്ലോ.'

കെ. ജി. ശങ്കരപ്പിള്ളയുടെ കവിതകൾ
[കെ. ജി. ശങ്കരപ്പിള്ള]

കവിതയിലും ചിത്രത്തിലും തെളിയുന്ന മനോഭാവം ചർച്ചചെയ്യുക.

*അവരവരിൽനിന്നുള്ള ഇറങ്ങിനടത്തം.*
*അനുഭവങ്ങളിൽനിന്ന് അറിവിന്റെ തെളിനീരുറവകൾ...*

# സുകൃതഹാരങ്ങൾ

*'ചണ്ഡാലഭിക്ഷുകി'യിലെ കഥ നടക്കുന്നത് രണ്ടായിരത്തഞ്ഞൂറു വർഷങ്ങൾക്കു മുമ്പാണ്. പുരാതനേന്ത്യയിലെ ശ്രാവസ്തിക്കടുത്തുള്ള പ്രദേശത്ത് അക്കാലത്ത് കൊടിയ വരൾച്ചയുണ്ടായി. സകലജീവജാലങ്ങളും കുടിവെള്ളത്തിനായി ഉഴലുന്ന ഘട്ടത്തിൽ നടന്നുതളർന്ന, ദാഹാർത്തനായ ആനന്ദൻ എന്ന ബുദ്ധഭിക്ഷു വഴിയരികിലെ കിണറ്റിൽനിന്ന് വെള്ളം കോരുന്ന മാതംഗിയെ കണ്ടുമുട്ടുന്നു.*



തൂമതേടും തൻ പാള കിണറ്റിലി-
ട്ടോമൽകൈയാൽ കയറു വലിച്ചുടൻ
കോമളാംഗി നീർ കോരിനിന്നീടിനാൾ
ശ്രീമാനബ്ഭിക്ഷുവങ്ങു ചെന്നർഥിച്ചാൻ:
"ദാഹിക്കുന്നു ഭഗിനീ കൃപാരസ-
മോഹനം കുളിർതണ്ണീരിതാശു നീ
ഓമലേ, തരൂ തെല്ലെ"ന്നതു കേട്ടൊ-
രാ മനോഹരിയമ്പരന്നോതിനാൾ:

“അല്ലല്ലെന്തുകഥയിതു കഷ്ടമേ !
അല്ലലാലങ്ങു ജാതി മറന്നിതോ?
നീചനാരിതൻ കൈയാൽ ജലം വാങ്ങി-
യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ?
കോപമേലരുതേ ജലം തന്നാലും
പാപമുണ്ടാമിവളൊരു ചണ്ഡാലി
ഗ്രാമത്തിൻപുറത്തിങ്ങു വസിക്കുന്ന
‘ചാമർ’നായകൻതന്റെ കിടാത്തി ഞാൻ.”
ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്:
“ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,
ചോദിക്കുന്നു നീർ നാവുവരണ്ടഹോ
ഭീതിവേണ്ടാ തരികതെനിക്കു നീ.”
എന്നുടനേ കരപുടം നീട്ടിനാൻ
ചെന്നളിനമനോഹരം സുന്ദരൻ.
പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ
തന്വിയാണവൾ കല്ലല്ലിരുമ്പല്ല.
കറ്റക്കാർകൂന്തൽ മൂടിത്തലവഴി
മുറ്റുമാസ്യം മറഞ്ഞുകിടക്കുന്ന
ചാരുസാരിയൊതുക്കിച്ചെറുചിരി
ചോരും ചോരിവാ ചെറ്റുവിടർത്തവൾ
പാരം വിസ്മയമാർന്നു വിസ്ഫാരിത-
താരയായ്ത്തെല്ലു നിന്നു മൈക്കണ്ണിയാൾ.
ചോരച്ചെന്തളിരഞ്ചുമരുണാംശു-
പൂരത്താൽ മേനി മൂടിപ്പുലർച്ചയിൽ
വണ്ടിണ ചെന്നു മുട്ടി വിടർന്ന ചെ-
ന്തണ്ടലരല്ലി കാട്ടിനിൽക്കുംപോലെ.
പിന്നെക്കൈത്താർ വിറയ്ക്കയാൽ പാളയിൽ
ചിന്നിനിന്നു തുളുമ്പി മനോജ്ഞമായ്
മധ്യം പൊട്ടി നുറുങ്ങി വിലസുന്ന
ശുദ്ധക്കണ്ണാടിക്കാന്തി ചിതറും നീർ,
ആർത്തിയാൽ ഭിക്ഷു നീട്ടിയ കൈപ്പൂവിൽ
വാർത്തു നിന്നിതേ മെല്ലെക്കുനിഞ്ഞവൾ.
പുണ്യശാലിനീ, നീ പകർന്നീടുമി-
ത്തണ്ണീർതന്നുടെയോരോരോ തുള്ളിയും
അന്തമറ്റ സുകൃതഹാരങ്ങൾ നി-
ന്നന്തരാത്മാവിലർപ്പിക്കുന്നുണ്ടാവാം.

ചണ്ഡാലഭിക്ഷുകി
[എൻ. കുമാരനാശാൻ]

കാവ്യഭാഗത്തിന് ഉചിതമായ ഈണം **കണ്ടെത്തി അവതരിപ്പിക്കുക.**

"അല്ലല്ലെന്തുകഥയിതു കഷ്ടമേ!
അല്ലലാലങ്ങു ജാതിമറന്നിതോ?"

മാതംഗി ഇങ്ങനെ ചോദിക്കാനിടയായത് എന്തുകൊണ്ടാവും?
നിങ്ങളുടെ **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

"കറ്റക്കാർകൂന്തൽ മൂടിത്തലവഴി
മുറ്റുമാസ്യം മറഞ്ഞു കിടക്കുന്ന
ചാരുസാരിയൊതുക്കിച്ചെറുചിരി
ചോരും ചോരിവാ ചെറ്റു വിടർത്തവൾ"

മാതംഗിയെ വാക്കുകളിൽ വരച്ചിരിക്കുന്നതു നോക്കൂ. വേറെയും വാങ്മയചിത്രങ്ങൾ കാവ്യഭാഗത്തുണ്ടല്ലോ. അവ കണ്ടെത്തി **ആവിഷ്കാരഭംഗി വിവരിക്കുക.**

- "പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ
  തന്വിയാണവൾ കല്ലല്ലിരുമ്പല്ല"
- "പുണ്യശാലിനീ, നീ പകർന്നീടുമി-
  ത്തണ്ണീർതന്നുടെയോരോരോ തുള്ളിയും"
- "അന്തമറ്റ സുകൃതഹാരങ്ങൾ..."

കാവ്യസന്ദർഭത്തിന് മാറ്റുകൂട്ടുന്ന മറ്റ് പ്രയോഗങ്ങൾ കൂടി കണ്ടെത്തി
**വിശകലനക്കുറിപ്പ് തയ്യാറാക്കുക.**

- "മനുഷ്യന്റെ ജാതി മനുഷ്യത്വമാണ്." [ശ്രീനാരായണഗുരു]
- "എന്റെ സാമൂഹികദർശനം മൂന്ന് വാക്കുകളിൽ സംഗ്രഹിക്കാവുന്നതാണ്. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം." [ഡോ. ബി. ആർ. അംബേദ്കർ]

ശ്രീനാരായണഗുരുവും അംബേദ്കറും മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട് കാവ്യഭാഗത്ത് എത്രത്തോളം പ്രകടമാകുന്നുണ്ട്? നിങ്ങളുടെ അഭിപ്രായം സമർഥിച്ച് 'ചണ്ഡാലഭിക്ഷുകിയുടെ സമകാലികപ്രസക്തി' എന്ന വിഷയത്തിൽ **പ്രഭാഷണം തയ്യാറാക്കുക.**

നാടകീയത മുറ്റിനിൽക്കുന്ന കാവ്യഭാഗമാണല്ലോ 'സുകൃതഹാരങ്ങൾ'. രംഗപശ്ചാത്തലം, സംഘർഷം, സംഭാഷണം തുടങ്ങിയ ഘടകങ്ങൾ മുൻനിർത്തി കാവ്യഭാഗം **ലഘുനാടകമായി അവതരിപ്പിക്കുക.**

*ചില വിരലുകൾ ഹൃദയത്തിൽ തൊടുന്നു. സ്നേഹിക്കപ്പെടുമ്പോഴും പരിഗണിക്കപ്പെടുമ്പോഴും ജീവിതം മനോഹരമാകുന്നു.*

# അമ്മ

ഇരുപതു പൈസയ്ക്കു പച്ചക്കറി വാങ്ങി മടങ്ങുന്ന ആ വൃദ്ധയെ ഒരു കറുത്ത മെർസിഡീസ് കാറ് തള്ളിയിട്ടു. അവർക്ക് തന്റെ വലത്തേ കാല് ചതഞ്ഞുവെന്നു തോന്നി. പക്ഷേ, അയ്യോ എന്നു നിലവിളിക്കുവാൻ കൂടി നാവുയർന്നില്ല. വേദന അവരെ അത്രകണ്ട് മരവിപ്പിച്ചിരുന്നു.

കാറ് ഒരു സീൽക്കാരത്തോടെ ധൃതിയിൽ ഓടിപ്പോയി. വൃദ്ധ ചിതറിക്കിടക്കുന്ന വെണ്ടയ്ക്കകളുടെ ഇടയിൽ, ആ തെരുവിൽ ഒരു പൊളിഞ്ഞ പാവയെപ്പോലെ അങ്ങനെ കൊഴിഞ്ഞുകിടന്നു. വേദന എല്ലാ അവയവങ്ങളെയും മരവിപ്പിച്ചിരുന്നു. എങ്കിലും എപ്പോഴും ഒരു കൊഴുത്ത വെള്ളം ഒഴുകിക്കൊണ്ടിരുന്ന ആ കണ്ണുകൾക്കു മരവിച്ചയുണ്ടായിരുന്നില്ല.



വെളുത്ത സാരിയിൽ ഒരു ചുവന്ന വൃത്തം വളർന്നു വികസിച്ചുവരുന്നത് അവർ നോക്കിക്കൊണ്ടിരുന്നു.

തന്റെ സൈക്കിൾ നിർത്തി ഒരു പാൽക്കാരൻ അവരുടെ അടുത്തേക്ക് ചെന്നു.



"എന്തുപറ്റി അമ്മേ?" അയാൾ ചോദിച്ചു. കാറ് ആ വൃദ്ധയെ തട്ടിയിടുന്നത് അയാൾ കണ്ടിരുന്നു.

അമ്മേ എന്ന ആ വിളി കേട്ടപ്പോൾ വൃദ്ധയ്ക്കു കുറച്ചു ശക്തി വീണ്ടുകിട്ടിയപോലെ അനുഭവപ്പെട്ടു. കാരണം, കുറച്ചു കൊല്ലങ്ങളായി, അവരെ അങ്ങനെ ആരും സംബോധന ചെയ്തിട്ട്. അഞ്ചോ ആറോ കൊല്ലങ്ങൾക്കു മുമ്പ്, തന്റെ മക്കൾ അമ്മേ അമ്മേ എന്ന് എത്രതവണ വിളിച്ചിരുന്നു! അന്ന് അവർ തന്നെ ഉപേക്ഷിച്ചു പുറംരാജ്യങ്ങളിലേക്കു പോയ്ക്കഴിഞ്ഞിരുന്നില്ല. അന്ന് താനും സ്നേഹിക്കപ്പെട്ടവളായിരുന്നു...

എത്ര തുണികൾ അലക്കിക്കഴിഞ്ഞു! തന്റെ കൈകൾകൊണ്ട്. എത്ര ഊണുകൾ ഉണ്ടാക്കി ഊട്ടിക്കഴിഞ്ഞു! ഇനി ചെയ്യാൻ ബാക്കിയൊന്നുമില്ലെന്ന സ്ഥിതിയായി. മക്കൾ ഭാര്യമാരെയുംകൊണ്ട് രാജ്യം വിടുകയും ചെയ്തു!

"എന്താണ് പറയുന്നത്? എനിക്ക് ഒന്നും മനസ്സിലാവുന്നില്ല." പാൽക്കാരൻ അവരുടെ നേർക്കു തലകുനിച്ചുകൊണ്ട് പറഞ്ഞു. അയാൾ അവരെ സാവധാനത്തിൽ എഴുന്നേൽപ്പിച്ച് ഇരുത്തി. അവരുടെ വലത്തേ കാലിൽനിന്ന് അപ്പോഴും ചോരയൊഴുകിക്കൊണ്ടിരുന്നു. ചുവപ്പുള്ളതും ചൂടുള്ളതുമായ ചോര. രക്തത്തിനു നരയില്ലല്ലോ. വാർധക്യലക്ഷണങ്ങളില്ലല്ലോ.

ഒരു പോലീസുകാരൻ അപ്പോഴേക്കും അവിടെ പുസ്തകങ്ങളുമായി പ്രത്യക്ഷപ്പെട്ടു.

"താനാണോ ഇവരെ വീഴ്ത്തിയിട്ടത്?" അയാൾ പാൽക്കാരനോടു ചോദിച്ചു.

"ഇതെന്തു ഭ്രാന്ത്!" പാൽക്കാരൻ പറഞ്ഞു: "ഇവരെ ഒരു കറുത്ത ബിലാത്തിക്കാറാണ് വീഴ്ത്തിയിട്ടത്. അതു നിൽക്കാതെ ഓടിക്കളഞ്ഞു. ഞാനെന്തിന് ഈ വൃദ്ധയെ വീഴ്ത്തിയിടുന്നു? എനിക്കു കണ്ണില്ലെന്നുണ്ടോ? എനിക്കു തലയ്ക്കു നൊസ്സുണ്ടോ?"

"ശരി, ശരി. എന്നാൽ താനാണ് ഈ കേസിന്റെ ദൃക്സാക്ഷി." പോലീസുകാരൻ പറഞ്ഞു:



"പറയൂ, എന്താണ് പേര്?"
"എന്റെ പേര് ബോലേറാം എന്നാണ്."
"അച്ഛന്റെ പേരോ?"
"അച്ഛന്റെ പേര് മോത്തീറാം."
"തന്റെ സ്വദേശം എവിടെയാണ്?"
"ഇമാംഗഞ്ച്."
"ഇമാംഗഞ്ചോ? അതെവിടെക്കിടക്കുന്നു?"

"ഇതെന്തൊരു ഭ്രാന്താണ്!" പാൽക്കാരൻ അക്ഷമനായി പറഞ്ഞു: "ഗയയുടെ അടുത്താണല്ലൊ ഇമാംഗഞ്ച്. ഇത്രകൂടി പോലീസുകാർക്ക് അറിയില്ലെന്നോ?"

"അയ്യോ? എനിക്കു തീരെ വയ്യ". വൃദ്ധ ആവലാതിപ്പെട്ടു.

"ഇവരെ വല്ല ഡോക്ടറുടേയും അടുത്ത് എത്തിക്കട്ടെ". പാൽക്കാരൻ പറഞ്ഞു. "എന്നിട്ടാവാം തന്റെ ചോദ്യവും ഉത്തരവും. ഇവരുടെ കാലിൽനിന്നു ചോര ഒഴുകുന്നതു തനിക്കു കാണാനില്ലേ?"

"ചോദ്യങ്ങൾ മുഴുവനാക്കാതെ ഞാനെങ്ങനെ ഈ കേസ് റിപ്പോർട്ടു ചെയ്യും?" പോലീസുകാരൻ ചോദിച്ചു.

"റിപ്പോർട്ടുചെയ്യുന്നു! നിങ്ങൾക്കും ഒരമ്മയില്ലേ. ഈ വൃദ്ധയെ റോട്ടിൽ കിടത്തി മരിപ്പിക്കാനാണോ തന്റെ ഉദ്ദേശ്യം! മാറിനില്ലിൻ. ഞാനൊരു ടാക്സി വിളിക്കട്ടെ."

"അയ്യോ, എനിക്കു തീരെ വയ്യല്ലോ." വൃദ്ധ ആവലാതിപ്പെട്ടു.

പാൽക്കാരൻ ഒരു ടാക്സി നിർത്തി, അതിലേക്കു വൃദ്ധയെ താങ്ങിയെടുത്തുവച്ചു.

"ഡോക്ടറുടെ അടുത്തേക്ക്." അയാൾ ടാക്സി ഡ്രൈവറോടു പറഞ്ഞു. "കാലിൽനിന്ന് ചോര ഒലിക്കുന്നത് നിർത്തട്ടെ. കാൽമണിക്കൂറായി ഇതു തുടങ്ങിയിട്ട്."

"ഇത് നിങ്ങളുടെ അമ്മയാണോ?" ടാക്സി ഡ്രൈവർ ചോദിച്ചു.

"എന്റെ അമ്മയല്ല." പാൽക്കാരൻ പറഞ്ഞു:"എന്റെ അമ്മയാണെങ്കിൽ ഈ വയ്യാത്ത കാലത്തു പച്ചക്കറി വാങ്ങാൻ ഞാനവരെ പുറത്തേക്കയയ്ക്കുകയില്ല. ഇവരെ ഞാനിന്ന് ആദ്യം കാണുകയാണ്. ഒരു കറുത്ത ബിലാത്തിക്കാറ് ഇവരെ തട്ടിയിട്ട് കാല് ആകെ ചതച്ചിരിക്കുന്നു... എനിക്കു പലയിടത്തും പാലെത്തിക്കണം. നിങ്ങൾക്കു ഞാൻ പണം തരാം. ഇവരെ ഒരു ഡോക്ടറുടെ അടുത്ത് എത്തിക്കാമോ?"

"പണമൊന്നും വേണ്ട. ഞാനെത്തിക്കാം." ടാക്സി ഡ്രൈവർ പറഞ്ഞു.

ഡോക്ടറുടെ മുറിയിലേക്കു താങ്ങിയെടുത്തുകൊണ്ടാണ് അയാൾ ആ വൃദ്ധയെ കൊണ്ടുചെന്നത്.

"എന്തുപറ്റി?" ഡോക്ടർ ചോദിച്ചു.

ഇവരെ ഒരു ബിലാത്തിക്കാറ് വീഴ്ത്തിയിട്ടു." ഡ്രൈവർ പറഞ്ഞു: "കാലിന്മേൽ ചതവു പറ്റിയിരിക്കുന്നു."

"ഇവിടെ കിടക്കൂ അമ്മേ." ഡോക്ടർ ആ വൃദ്ധയെ കട്ടിലിൽ പിടിച്ചു കിടത്തി.

വീണ്ടും "അമ്മേ"എന്ന വിളി. വൃദ്ധ കണ്ണുകൾ മിഴിച്ചു ചുറ്റും നോക്കി. ഡോക്ടർ ആ മുറിഞ്ഞ കാല് പരിശോധിക്കുകയായിരുന്നു.

"അമ്മയ്ക്കു വേദനിക്കുന്നുണ്ടോ?"

ഈ ചോദ്യം പണ്ടൊരിക്കലും താൻ കേട്ടുവല്ലോ, വൃദ്ധ ആലോചിച്ചു. പണ്ടൊരിക്കൽ താൻ തലവേദനിച്ചു കിടന്നപ്പോൾ പത്തുവയസ്സായ മകൻ വന്ന് അവന്റെ ചെറിയ കൈത്തലം തന്റെ നെറ്റിമേൽവച്ചു ചോദിച്ചു: "അമ്മയ്ക്കു വേദനിക്കുന്നുണ്ടോ?"അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അവനും എത്ര വേഗത്തിൽ

മറ്റൊരാളായിത്തീർന്നിരിക്കുന്നു! അവനെ കണ്ടിട്ടുതന്നെ എത്ര കൊല്ലങ്ങളായി! കണ്ടാൽ തനിക്കു തിരിച്ചറിയാമോ?

"എന്താണ് പിറുപിറുക്കുന്നത്?" ഡോക്ടർ ചോദിച്ചു: "എനിക്കു മനസ്സിലാവുന്നില്ല. വേദനിക്കുന്നുണ്ടോ? ഞാനിപ്പോൾ സമാധാനമാക്കിത്തരാം."

അയാൾ ചോര കഴുകിത്തുടച്ച് ആ മുറിവു കെട്ടി.

"എവിടെയാണ് താമസിക്കുന്നത്?"അയാൾ ചോദിച്ചു.

"എവിടെയാണ് അമ്മേ നിങ്ങളുടെ വീട്?" ടാക്സി ഡ്രൈവർ ചോദിച്ചു.

"പഹാഡ്ഗഞ്ച്".

"അവിടെ നിങ്ങളെ ശുശ്രൂഷിക്കാൻ മക്കളൊക്കെയില്ലേ?" ഡോക്ടർചോദിച്ചു.

വൃദ്ധ തലകുലുക്കി.

"ഞാൻ അവരെ വിളിപ്പിക്കണോ?" അയാൾ ചോദിച്ചു.

"വേണ്ട, ഞാൻ പൊയ്ക്കൊള്ളാം. എനിക്ക് ഒക്കെ മാറി". വൃദ്ധ പറഞ്ഞു: "അവരെ പേടിപ്പിക്കുന്നത് എന്തിനാണ്?"

"ഞാൻ കൊണ്ടുപോയാക്കിത്തരണോ?"

"വേണ്ട, ഞാൻ എന്റെ വണ്ടിയിൽ കൊണ്ടുപോവാം." ടാക്സി ഡ്രൈവർ പറഞ്ഞു.

അയാൾ അവരെ വീണ്ടും താങ്ങിപ്പിടിച്ച് കാറിൽ കയറ്റിയിരുത്തി.

"വെണ്ടക്കയൊക്കെ പോയി." വൃദ്ധ പിറുപിറുത്തു.

പഹാഡ്ഗഞ്ചിൽ അവർ കാണിച്ച വീടിന്റെ മുമ്പിൽ കാറ് നിറുത്തിക്കൊണ്ട് ഡ്രൈവർ പറഞ്ഞു:

"അമ്മയെ മക്കളുടെ അടുത്താക്കിയിട്ടേ ഞാൻ മടങ്ങുകയുള്ളൂ."

"അതൊന്നും വേണ്ടാ, മകനേ," വൃദ്ധ പറഞ്ഞു: "വെറുതെ കുട്ടികൾ പേടിക്കും. എന്റെ വേദന മാറി. ഞാൻ തന്നെ പൊയ്ക്കൊള്ളാം.

അവർ തന്റെ കഴുത്തിൽ കെട്ടിയ ചരടിൽ തൂങ്ങിയിരുന്ന ഒരു താക്കോലുകൊണ്ട് വാതിൽ തുറന്ന്, അകത്തു കടന്നു.

ടാക്സി ഡ്രൈവർ മടങ്ങിപ്പോയി.

വൃദ്ധ മുറിയിൽ കണ്ണോടിച്ചു. അല്ല! വെള്ളമെടുത്തുവയ്ക്കാൻ താൻ മറന്നുവെന്നോ? പച്ചക്കറിയുമില്ല, വെള്ളവുമില്ല, ഇന്ന് തനിക്ക് പട്ടിണിതന്നെ.

അവർ വെറുംനിലത്ത്, ഒരു പായകൂടി വിരിക്കാൻ മിനക്കെടാതെ കിടന്നു. കരിഞ്ഞ മരങ്ങളുടെ വേരുകൾ

മണ്ണിൽനിന്നു പിടിവിടുവിച്ചു മേല്പോട്ട് ഉയരുന്നതുപോലെ, ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേല്പോട്ടു വളഞ്ഞുകിടക്കുന്നു. കണ്ണുകളിൽനിന്നു കണ്ണുനീർ കലർന്ന ഒരു കൊഴുത്ത വെള്ളം ഒലിച്ചുകൊണ്ടിരുന്നു.

താൻ എല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നു. അവർ തന്നത്താൻ പറഞ്ഞു. എത്ര തുണികൾ അലക്കിക്കഴിഞ്ഞു! എത്ര ഊണുകൾ ഉണ്ടാക്കി ഊട്ടി. എത്ര തവണ ഉറക്കമൊഴിച്ചിരുന്നു കുട്ടികളെ ശുശ്രൂഷിച്ചു! ഇപ്പോൾ അവരെല്ലാം വളർന്ന് അച്ഛന്മാരായി. ഇപ്പോൾ തന്നെക്കൊണ്ട് ആർക്കും ഒരാവശ്യവുമില്ലാതായി. കറുത്ത കാറിന് അതറിയാമായിരുന്നു.

"അമ്മയ്ക്ക് വേദനിക്കുന്നുണ്ടോ?" പത്തു വയസ്സായ മകൻ കണ്ണുനീരൊഴുകുന്ന മുഖത്തോടെ തന്നോടാണ് ആ ചോദ്യം ചോദിച്ചത്. അന്ന് അവൻ തന്നെ സ്നേഹിച്ചിരുന്നു...
വൃദ്ധയ്ക്കു പെട്ടെന്നു ചിരിക്കുവാൻ തോന്നി. കാരണം കിട്ടാത്ത ഒരാനന്ദം!

**തണുപ്പ്**
**[മാധവിക്കുട്ടി]**

- "അഞ്ചോ ആറോ കൊല്ലങ്ങൾക്ക് മുമ്പ്, തന്റെ മക്കൾ അമ്മേ അമ്മേ എന്ന് എത്ര തവണ വിളിച്ചിരുന്നു! അന്ന് അവർ തന്നെ ഉപേക്ഷിച്ചു പുറംരാജ്യങ്ങളിലേക്കു പോയ്ക്കഴിഞ്ഞിരുന്നില്ല. അന്ന് താനും സ്നേഹിക്കപ്പെട്ടവളായിരുന്നു."
- "പണ്ടൊരിക്കൽ താൻ തലവേദനിച്ചു കിടന്നപ്പോൾ പത്തുവയസ്സായ മകൻ അവന്റെ ചെറിയ കൈത്തലം തന്റെ നെറ്റിമേൽ വച്ചു ചോദിച്ചു:
"അമ്മയ്ക്കു വേദനിക്കുന്നുണ്ടോ?"അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. അവനും എത്രവേഗത്തിൽ മറ്റൊരാളായിത്തീർന്നിരിക്കുന്നു! അവനെ കണ്ടിട്ടു തന്നെ എത്ര കൊല്ലങ്ങളായി! കണ്ടാൽ തനിക്കു തിരിച്ചറിയുമോ?"

കഥയിലെ ഈ മുഹൂർത്തങ്ങൾ വർത്തമാനകാലസമൂഹം അഭിമുഖീകരിക്കുന്ന എന്തെല്ലാം പ്രശ്നങ്ങളാണ് അവതരിപ്പിക്കുന്നത് ? ചർച്ചചെയ്യുക.

- "എന്റെ അമ്മയല്ല". പാൽക്കാരൻ പറഞ്ഞു. "എന്റെ അമ്മയാണെങ്കിൽ ഈ വയ്യാത്ത കാലത്തു പച്ചക്കറി വാങ്ങാൻ ഞാനവരെ പുറത്തേക്കയയ്ക്കുകയില്ല. ഇവരെ ഞാനിന്ന് ആദ്യം കാണുകയാണ്".

പാൽക്കാരൻ ബോലാറാമിന്റെ വാക്കിലും പ്രവൃത്തിയിലും തെളിയുന്ന മനോഭാവം വിശകലനം ചെയ്യുക.

"കരിഞ്ഞ മരങ്ങളുടെ വേരുകൾ, മണ്ണിൽ നിന്നു പിടിവിടുവിച്ചു മേല്പോട്ട് ഉയരുന്നതു പോലെ, ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേല്പോട്ടു വളഞ്ഞു കിടക്കുന്നു."

ഇത്തരത്തിലുള്ള പ്രയോഗങ്ങൾ കഥയുടെ ഭാവതലത്തിൽ ഉണ്ടാക്കുന്ന മാറ്റം എന്ത്? കഥയിൽനിന്ന് ഇതുപോലെയുള്ള മറ്റ് പ്രയോഗങ്ങൾ **കണ്ടെത്തി വിശദീകരിക്കുക.**

- "അമ്മയെ മക്കളുടെ അടുത്താക്കിയിട്ടേ ഞാൻ മടങ്ങുകയുള്ളൂ."
- "അതൊന്നും വേണ്ടാ, മകനേ," വൃദ്ധ പറഞ്ഞു : "വെറുതേ കുട്ടികൾ പേടിക്കും. വേദന മാറി, ഞാൻ തന്നെ പൊയ്ക്കൊള്ളാം."

അമ്മയുടെ എന്തെല്ലാം സവിശേഷതകളാണ് ഈ സംഭാഷണത്തിൽ തെളിയുന്നത്? കണ്ടെത്തൂ:

- മക്കളെ കുറ്റപ്പെടുത്താതിരിക്കാനുള്ള കരുതൽ
- 
- 

കഥയിലെ സന്ദർഭങ്ങളും സംഭാഷണങ്ങളും വിശകലനം ചെയ്ത് അമ്മയെന്ന **കഥാപാത്രത്തെ നിരൂപണം ചെയ്യുക.**

ആ കാഴ്ച കണ്ട് അവർ പകച്ചു <u>നിന്നുപോയി.</u>
ആ കാഴ്ചകണ്ട് അവർ വീട്ടിലേക്കു <u>തിരിച്ചുപോയി.</u>

'പോയി' എന്ന പദം രണ്ടു വാക്യസന്ദർഭത്തിലും ഒരേ അർഥത്തിലാണോ ഉപയോഗിച്ചിരിക്കുന്നത്? എന്താണ് അവ തമ്മിലുള്ള വ്യത്യാസം? വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

ഈ കഥയിൽ നിങ്ങളെ സ്വാധീനിച്ച ജീവിതമുഹൂർത്തങ്ങളെ അടിസ്ഥാനമാക്കി ഒരു ഹ്രസ്വചലച്ചിത്രത്തിനുള്ള **തിരക്കഥ തയ്യാറാക്കുക.**

*മനുഷ്യരെ മാത്രമല്ല പ്രകൃതിയിലെ സർവചരാചരങ്ങളെയും സഹജീവികളായി കാണാൻ കഴിയണം. അവർക്കിടയിൽ അവരിലൊരാളായി ജീവിക്കാൻ കഴിയണം. പ്രശാന്തമായ മനസ്സോടെ.*

# പാത്തുമ്മായുടെ ആട് – ഒരു സത്യമായ കഥ



"പാത്തുമ്മായുടെ ആട്" ചുമ്മാ ഒരു കഥയല്ല. അതിലെ കഥാപാത്രങ്ങളെല്ലാം ഈശ്വരാനുഗ്രഹത്താൽ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഇത് എന്റെ വീട്ടിലെ സത്യമായ കഥയാണെന്നോർക്കണം."

ഇത് ബഷീറിന്റെ വീട്ടിലെ 'സത്യമായ കഥ'യാണ്. വീട്ടിലെ താമസക്കാർ ആരൊക്കെയാണെന്ന് ആദ്യഭാഗത്ത് പറയുന്നുണ്ട്. വെറുതെ പറയുന്നു എന്നുമാത്രം. വിവരണമില്ല. ഒരു ഖണ്ഡിക അവരുടെ ലിസ്റ്റുകൊണ്ടു നിറഞ്ഞിരിക്കുന്നു. അതു വായിക്കാൻ ബഷീറിനെ നേരിട്ടറിയാവുന്നവർക്ക് താൽപര്യം തോന്നിയേക്കാം. കഥാകൃത്തായ ബഷീറിന്റെ വീടും സാഹചര്യവുമെന്താണെന്നറിയാൻ കൗതുകമുള്ളവർക്കും താൽപര്യം തോന്നാവുന്നതാണ്. ഈ രണ്ടു വിഭാഗങ്ങളിലും പെടുന്നവർ ചുരുക്കമാണ്. പക്ഷേ,

'പാത്തുമ്മായുടെ ആട്' വായിച്ചുരസിക്കുന്നവർ നിരവധിയാണ്. വിരസമായിത്തീരാവുന്ന വസ്തുതകൾപോലും ബഷീറിന്റെ അനുഗൃഹീതമായ തൂലികയുടെ സ്പർശത്താൽ, എങ്ങനെയോ രസപ്രദമായിത്തീരുന്നു.

പ്രാരംഭത്തിൽ വീട് വിവരിക്കുന്നത് ഒരു വാക്യംകൊണ്ടാണ്; "ഓലമേഞ്ഞ ഒരു ചെറിയ, രണ്ടു മുറികളും ഒരടുക്കളയും രണ്ടു വരാന്തകളുമുള്ള കെട്ടിടമാണ്, എന്റെ വീട്."

ഇതിലധികം ആവശ്യമില്ല. ആ വീട് നമുക്ക് നേരെ കാണാം.



ഒരു ഊരുചുറ്റലിനുശേഷം 'പ്രശാന്തി തേടി'യാണ് ബഷീർ ഇവിടെ എത്തിയിരിക്കുന്നത്. അവിടെ എന്തു ശാന്തതയാണ് കിട്ടുക? രണ്ടു സഹോദരന്മാരും അവരുടെ കുടുംബങ്ങളും ഒരു സഹോദരിയും ഭർത്താവും മക്കളും ഏറ്റവും ഇളയ സഹോദരനും - ഇത്രയും അംഗങ്ങളാണ് ആ വീട്ടിലുള്ളത്. മനുഷ്യകുലത്തിൽ പെടാത്തവരും അവിടെ അംഗങ്ങളായുണ്ട്.

"എവിടന്നോ വന്നു കുടിയേറി ഉമ്മായുടെ അഭയാർഥികളായി പാർക്കുന്ന കുറേ പൂച്ചകൾ, അവരെപ്പേടിച്ച് മച്ചുംപുറത്ത് സദാ ഓടിനടക്കുന്ന കാക്കത്തൊള്ളായിരം എലികൾ, പുരപ്പുറത്തിരുന്നു കരഞ്ഞ് ബഹളംകൂട്ടുന്ന കുറേ ഏറെ കാക്കകൾ. ഇതിനെല്ലാറ്റിനും പുറമെ എന്റെ ഉമ്മായുടെ സ്വന്തം വകയും വീടു ഭരിക്കുന്നവരുമായ പത്തുനൂറു കോഴികൾ. അവരുടെ എണ്ണമില്ലാത്ത കുഞ്ഞുങ്ങൾ, ഇവരെ റാഞ്ചിക്കൊണ്ടുപോയി തിന്നുജീവിക്കുന്ന എറിയനും പരുന്തും വൃക്ഷങ്ങളിൽ."

'ചന്ത കൂടിയ ബഹള'മാണ് അവിടെ എപ്പോഴും.

ഈ ബഹളത്തിന്റെ മധ്യത്തിൽ അതാ, വരുന്നു ചുറുചുറുക്കുള്ള ഒരു ആട്. തവിട്ടുനിറമുള്ള ഒരു പെണ്ണാട്. ആരെയും കൂസാതെ വീട്ടിനുള്ളിൽ കടന്ന് അത് സർവവിധമായ സ്വാതന്ത്ര്യവും കാണിക്കുന്നു! ആരും അതിനെ നിയന്ത്രിക്കുന്നില്ല. ആർക്കും അതിനവകാശമില്ല. കാരണം, അത് പാത്തുമ്മായുടെ ആടാണ്! ബഷീറിന്റെ സഹോദരിയായ പാത്തുമ്മായുടെ ആട്.

കുഞ്ഞുങ്ങളുടെ കരച്ചിൽ, പെണ്ണുങ്ങളുടെ വഴക്ക്, വർത്തമാനം - ഇവ എപ്പോഴും അന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നു.

ബഹളങ്ങളുടെയും മേളങ്ങളുടെയും മധ്യത്തിലാണ് ബഷീർ വന്നിരിക്കുന്നത്. പ്രശാന്തത തേടി!

ഇനിയും പലതുമുണ്ട് അനുഭവങ്ങൾ. സഹോദരിമാർ രഹസ്യമായി ബഷീറിനെ സമീപിക്കുന്നു. വല്യ ഇക്കാക്ക ഒരാൾക്കു കമ്മൽ പണിയിച്ചുകൊടുക്കണം. മറ്റൊരാൾക്ക് വല്യഇക്കാക്ക പാത്രങ്ങൾ വാങ്ങിച്ചുകൊടുത്താൽ മതി. ഉമ്മായ്ക്കും ഇടയ്ക്കിടെ പറയാനുള്ളത് രൂപ വേണമെന്നാണ്.

"നീ എനിക്കു കുറച്ചു രൂപാ താ."

അബൂബക്കർ (അബു) ഒരു ചെറിയ കാര്യമേ പറയുന്നുള്ളൂ. "വല്യക്കാക്കാ, നമുക്ക് ഈ മുറ്റം കെട്ടിക്കണം, പെരേട കൂടു മാറ്റി ഓടിടീക്കണം."

ആവശ്യങ്ങൾ ഇങ്ങനെ അനേകമുണ്ട്. ഉമ്മാ, സഹോദരന്മാർ, സഹോദരികൾ, അവരുടെ മക്കൾ - ഇവരെല്ലാവരും ഇടയ്ക്കിടെ ബഷീറിനെ സമീപിക്കുകയും ഓരോതരം ആവശ്യങ്ങളുന്നയിക്കുകയും ചെയ്യുന്നു. അവ സാധിക്കാൻ പ്രയാസമില്ല. പക്ഷേ, പണം വേണം. ധാരാളം പണം വേണം. അതെവിടെനിന്നു കിട്ടും? (വലിയ ധനികനായി ബഷീർ വന്നിരിക്കുന്നു എന്നാണ് അവരുടെ വിചാരം).

ഇത്തരം രംഗങ്ങൾക്കും ചിത്രങ്ങൾക്കുമിടയിലാണ് ബഷീർ എന്ന എഴുത്തുകാരന്റെ രൂപം ഉയർന്നുതെളിഞ്ഞ് പരിലസിക്കുന്നത്. കുഞ്ഞുങ്ങളുടെ വഴക്കുകളിലും മുതിർന്നവരുടെ അഭ്യർഥനകളിലും ആടിന്റെ വികൃതികളിലും പക്ഷികളുടെ ചലനങ്ങളിലും ചാമ്പയുടെ ചന്തത്തിലും മറ്റും വിനോദിച്ചുകൊണ്ട് ബഷീർ നേരിയൊരു മന്ദഹാസത്തോടുകൂടി ഒരു യോഗിയെപ്പോലെ വിലസുന്നത് നാം കാണുന്നു. ജീവജാലങ്ങളുടെ നാനാവിധമായ ചേഷ്ടകളും ഭാവവിശേഷങ്ങളും ലീലയായി ദർശിക്കുന്ന സ്രഷ്ടാവിനെ ബഷീർ ഇവിടെ അനുസ്മരിപ്പിക്കുന്നു. ചാമ്പയ്ക്ക പറിച്ചെടുക്കാൻ വരുന്ന പെൺകുട്ടികളെ ചിത്രീകരിക്കുന്നിടത്ത് ബഷീർ തന്നെത്തന്നെ പരിഹസിക്കുകയും ചെയ്യുന്നു. എം. ഗോവിന്ദൻ, സ്വന്തം ഭാര്യ ഡോ. പത്മാവതി, മകൾ ബാലാ, കെ. എ. കൊടുങ്ങല്ലൂർ തുടങ്ങിയവർപോലും ഈ ലോകത്തിൽ കത്തിലൂടെ സ്ഥാനംപിടിക്കുന്നു. മുഖ്യകഥാപാത്രമായ ആട് സർവത്തേയും അതിലംഘിച്ചുകൊണ്ട് ഈ ചിത്രത്തിൽ ഒരു പ്രതീകമായി വളർന്നുവരുന്നതായി നമുക്കനുഭവപ്പെടുന്നു.

ചെറിയൊരു കൃതിയാണെങ്കിലും, വസ്തുതകൾ നിരത്തിവയ്ക്കുന്ന കൃതിയാണെങ്കിലും, ഇത് ഒരു പ്രത്യേകലോകം നമ്മുടെ ആന്തരികനേത്രങ്ങൾക്കു മുന്നിൽ തുറന്നുകാട്ടുന്നു. മനുഷ്യരും പ്രകൃതിയും ജീവജാലങ്ങളുമെല്ലാം പരസ്പരം ദുരൂഹമാംവിധം ബന്ധപ്പെടുന്ന ഒരു ലോകം. അഖണ്ഡമായ ലോകമാണത്.

ചെറിയ കാര്യങ്ങളിലൂടെ വലിയ ലോകത്തിന്റെ വിസ്മയങ്ങളിലേക്ക് വായനക്കാരെ നയിക്കുന്ന ഈ 'തമാശക്കഥ'യുടെ വൈശിഷ്ട്യം വിശദമാക്കാൻ പ്രത്യേകപഠനങ്ങൾ തന്നെ ഉണ്ടാകേണ്ടിയിരിക്കുന്നു.

ബഷീറിന്റെ സർഗാത്മകതയിൽനിന്ന് മലയാളത്തിനു ലഭിച്ച ഒരു രത്നമായി ഈ കൃതിയെ ഭാവിതലമുറ വാഴ്ത്തുമെന്നാണ് എന്റെ വിശ്വാസം. ജീവിതസാഹചര്യങ്ങൾ മാറിക്കൊണ്ടിരിക്കുമെന്ന് നമുക്കറിയാം (ഇപ്പോൾത്തന്നെ മാറിയിരിക്കുന്നു). മനുഷ്യബന്ധങ്ങളുടെ സ്വഭാവവും മാറും. പ്രകൃതിയുമായി മനുഷ്യനുള്ള ബന്ധവും ഇല്ലാതായെന്നുവരാം. അതെല്ലാം സംഭവിച്ചുകഴിഞ്ഞാലും ഈ ചെറിയ കൃതിയുടെ ഗഹനത സുശിക്ഷിതരായ വായനക്കാരെ എന്നും വശീകരിച്ചുകൊണ്ടിരിക്കുമെന്ന കാര്യം തീർച്ചയാണ്.

**ബഷീർ - ഏകാന്തവീഥിയിലെ അവധൂതൻ**
**[പ്രൊഫ. എം. കെ. സാനു]**

"പാത്തുമ്മായുടെ ആട് - ഒരു സത്യമായ കഥയാണ്" എന്ന് ലേഖകൻ പറയുന്നത് എന്തുകൊണ്ടാവാം? **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

"ചന്ത കൂടിയ ബഹളമാണ് അവിടെ.
ഉമ്മായുടെ അഭയാർഥികളായി പാർക്കുന്ന കുറേ പൂച്ചകൾ"
പ്രശാന്തി തേടിയെത്തിയ ബഷീറിനെ അശാന്തിയിലേക്ക് നയിച്ച സാഹചര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെയാണ്? **ചർച്ചചെയ്യുക.**

"ഈ ചെറിയ കൃതിയുടെ ഗഹനത സുശിക്ഷിതരായ വായനക്കാരെ എന്നും വശീകരിച്ചുകൊണ്ടിരിക്കും."

[പ്രൊഫ. എം. കെ. സാനു]

"എഴുത്തുകാരുടെ ഓരോ കാൽവയ്പിലെയും ദീർഘദൂരങ്ങളെ അളക്കാൻ കഴിയുന്ന വായനക്കാരെയാണ് നല്ല പുസ്തകങ്ങൾ തേടുന്നത്.
പാത്തുമ്മായുടെ ആട് നമ്മെ നല്ല വായനക്കാരാക്കുന്നു."

വീടാക്കടങ്ങൾ
[ഡോ. എസ്. ശാരദക്കുട്ടി]

'പാത്തുമ്മായുടെ ആടി'നെക്കുറിച്ചുള്ള രണ്ട് എഴുത്തുകാരുടെയും നിരീക്ഷണങ്ങൾ താരതമ്യംചെയ്തു **കുറിപ്പ് തയ്യാറാക്കുക.**

"ബഹളങ്ങളുടെയും മേളങ്ങളുടെയും മധ്യത്തിലാണ് ബഷീർ വന്നിരിക്കുന്നത്. പ്രശാന്തത തേടി!, ചാമ്പയ്ക്ക പറിച്ചെടുക്കാൻ വരുന്ന പെൺകുട്ടികളെ ചിത്രീകരിക്കുന്നിടത്ത് ബഷീർ തന്നെത്തന്നെ പരിഹസിക്കുകയും ചെയ്യുന്നു."
ഇത്തരത്തിൽ രസകരവും നാടകീയവുമായ ഒട്ടേറെ സന്ദർഭങ്ങൾ 'പാത്തുമ്മായുടെ ആടി'ൽ കാണാം. നോവലിൽനിന്ന് ഇതുപോലെയുള്ള സന്ദർഭങ്ങൾ കണ്ടെത്തി **റോൾപ്ലേ അവതരിപ്പിക്കുക.**

സൃഷ്ടി - സ്രഷ്ടാവ്
അനുഗ്രഹം - അനുഗൃഹീതൻ
ഇത്തരം പദജോടികൾ കണ്ടെത്തി പട്ടികപ്പെടുത്തുക.
അവ ഉൾക്കൊള്ളുന്ന ഭാഷാപരമായ സവിശേഷതകൾ **വിശകലനം ചെയ്യുക.**

"എങ്ങുമനുഷ്യനു ചങ്ങല കൈകളി,-
ലങ്ങെൻ കൈയുകൾ നൊന്തീടുകയാ;-
ണെങ്ങോ മർദനമവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു;"

ആഫ്രിക്ക
[എൻ. വി. കൃഷ്ണവാര്യർ]

നിരുപാധികമായ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ചിത്രങ്ങളാണ് മുകളിൽ നൽകിയ കാവ്യഭാഗത്തും യൂണിറ്റിലെ രചനകളിലും തെളിയുന്നത്. മാനവികമൂല്യങ്ങൾ ഊട്ടിയുറപ്പിക്കേണ്ട കാലത്താണ് നമ്മൾ ജീവിക്കുന്നത്. രചനകളും സമകാലിക ലോകസാഹചര്യങ്ങളും ആസ്പദമാക്കി 'കെട്ടിപ്പടുക്കാം വിശ്വസാഹോദര്യം' എന്ന വിഷയത്തിൽ **ഉപന്യാസം തയ്യാറാക്കുക.**